പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4331 | 24.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി പ്രവർത്തകരുടെ ഓണറേറിയം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.സി. ദിവാകരൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗൻവാടി പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗൻവാടി പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടില്ല. 25.02.2016 ൽ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിരുന്നെങ്കിലും തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകണമെന്ന ഉത്തരവായതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കാനായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് അംഗൻവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് ആകെ ആവശ്യമായ തുകയുടെ 50%, 1,44,81,92,400/- രൂപ (നൂറ്റിനാല്പത്തി നാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാനൂറ് രൂപ മാത്രം) സാമൂഹ്യനീതി വകുപ്പ് വിഹിതമായി 30.08.2016 ലെ സ.ഉ (സാധാ) നം.409/2016/സാനീവ പ്രകാരം അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) നിലവിൽ അവർക്ക് നൽകുന്ന ഓണറേറിയം എത്രയെന്നും, പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ബി)നിലവിൽ അംഗൻവാടി വർക്കറുടെ ഓണറേറിയം 10,000/- രൂപ (പതിനായിരം രൂപ മാത്രം) യും ഹെൽപ്പറുടെ ഓണറേറിയം 7,000/- രൂപ (ഏഴായിരം രൂപ മാത്രം ) യുമാണ് നൽകി വരുന്നത്.<br>അംഗൻവാടി പ്രവർത്തകർക്ക് പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>1 കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് മാത്രമേ പെൻഷന് അർഹതയുള്ളു<br>2 പ്രസ്തുത അംഗം ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ മുടക്കം വരുത്താൻ പാടില്ലാത്തതാകുന്നു.<br>3 അംഗൻവാടി വർക്കർ / ഹെൽപ്പർ ആയി കുറഞ്ഞത് 10 വർഷക്കാലം സേവനം ചെയ്തിട്ടുള്ളവർക്കാണ് നിലവിൽ പെൻഷൻ നൽകി വരുന്നത്. ഇപ്രകാരമുള്ള സേവനത്തിൽ ബാലവാടികളിലെ സേവനവും കണക്കിലെടുക്കുന്നതാണ്.<br>4 അംഗൻവാടി ജീവനക്കാരിക്ക് പെൻഷൻ അനുവദിക്കുന്നതിനായി ടിയാൾക്ക് 62 വയസ്സാകുന്ന ദിവസം ടിയാൾ സർവ്വീസിൽ ഉണ്ടായിരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ